# സംഘചൈതന്യ

നിശബ്ദരുടെ വിമോചന ശബ്ദം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർത്താ പത്രിക

പുസ്തകം 5 ലക്കം 1 ജനുവരി 31, 2004


## സ്ത്രീശാക്തീകരണം സാമൂഹ്യതിന്മകൾക്കെതിരെ

മാർച്ച് 8 - ലോക വനിതാ ദിനം. ലോകമെമ്പാടും വിവിധ ആഘോഷങ്ങൾ നടക്കുമ്പോൾ നമ്മുടെ സ്വാശ്രയസംഘങ്ങളും വൈവിധ്യമാർന്ന പരിപാടികൾ ആസൂത്രണം ചെയ്ത് വനിതാദിനം ആഘോഷിക്കുവാൻ തയ്യാറെടുക്കുകയാണല്ലോ. ആഘോഷങ്ങളോടൊപ്പം സുസ്ഥിരമായി നിലനില്ക്കുന്ന മാറ്റങ്ങൾ ഉളവാക്കുന്ന പ്രവർത്തന കർമ്മ പരിപാടികളും മനോഭാവങ്ങളിലുണ്ടാകുന്ന മാറ്റങ്ങളും സർവ്വപ്രധാനമാണ്. മൂല്യാധിഷ്ഠിത സമൂഹനിർമ്മിതിയിൽ സ്വാശ്രയസംഘങ്ങളുടെ ദൗത്യം പരിഗണിച്ച് "സ്ത്രീ ശക്തി സാമൂഹിക തിന്മകൾക്കെതിരേ" എന്ന മുദ്രാവാക്യമായിരിക്കട്ടെ ഇത്തവണത്തെ വനിതാദിനത്തിൽ നമ്മൾ സ്വീകരിക്കുന്നത്.

**വനിതാദിന സന്ദേശം**

പ്ലേറ്റോ രചിച്ച ഒരു പുസ്തകമാണ് 'ക്രിറ്റോ'. സോക്രട്ടീസും അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന ക്രിറ്റോയും തമ്മിലുള്ള സംഭാഷണമാണീ ഗ്രന്ഥം. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട സോക്രട്ടീസ് ജയിൽവാസം അനുഭവിക്കുകയാണ്. ശിക്ഷ നടപ്പിലാക്കുന്ന തലേന്ന് ക്രിറ്റോ താൻ ജീവനു തുല്യം സ്നേഹിക്കുന്ന തന്റെ ഗുരുവിനെ മരണത്തിൽനിന്നു രക്ഷിക്കുവാൻ തെറ്റായ മാർഗ്ഗത്തിലൂടെ പദ്ധതി ആസൂത്രണം ചെയ്തു. നേരം വെളുക്കുന്നതിനു മുമ്പ് തീരത്തണയുന്ന കപ്പലിൽ കയറ്റി സോക്രട്ടീസിനെ അന്യദേശത്തേയ്ക്ക് അയയ്ക്കുവാനായിരുന്നു പരിപാടി. ക്രിറ്റോ അതിനുവേണ്ടി ജയിലധികാരികൾക്ക് കൈക്കൂലിയും കൊടുത്തിരുന്നു.

ക്രിറ്റോ അതിരാവിലെ സോക്രട്ടീസിന്റെ ജയിലറയിൽ ചെന്നപ്പോൾ മരണം കൺമുൻപിലെത്തിയിട്ടും ശാന്തനായി ഉറങ്ങുന്ന സോക്രട്ടീസിനെ കണ്ട് ആശ്ചര്യപ്പെട്ടു. ശാന്തമായ ഉറക്കത്തിൽ നിന്ന് ഗുരുവിനെ എങ്ങനെ വിളിച്ചുണർത്തുമെന്നോർത്ത് ക്രിറ്റോ വിഷമിച്ചു. ജീവിതത്തിന്റെ അവസാന നാഴികകളിൽനിന്നും ഗുരുവിനെ രക്ഷിക്കണമെന്നാശിച്ച് ശിഷ്യൻ ഗുരുവിനെ വിളിച്ചുണർത്തി രക്ഷപ്പെടുത്താനാസൂത്രണം ചെയ്തിരിക്കുന്ന കാര്യങ്ങൾ വിശദീകരിച്ചു. അപ്പോഴും സോക്രട്ടീസ് വളരെ ശാന്തനായിരുന്നു. നീണ്ടൊരു വാദപ്രതിവാദം ഗുരുവും ശിഷ്യനും തമ്മിൽ നടന്നു. കൈക്കൂലി കൊടുത്ത്, രാജ്യത്തിന്റെ നിയമങ്ങൾ ലംഘിച്ച് ഒരു രക്ഷപ്പെ



ടൽ ധർമ്മമല്ലെന്ന് സോക്രട്ടീസ് വിശ്വസിച്ചിരുന്നു. ധർമ്മം പ്രസംഗിച്ച താൻ ശിക്ഷയിൽ നിന്ന് രക്ഷനേടാൻ ധർമ്മം ലംഘിക്കുന്നത് ശരിയല്ലെന്ന് സോക്രട്ടീസ് വാദിച്ചു. ഭീരുത്വം നിറഞ്ഞ ഒരു രക്ഷപ്പെടൽ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. അനീതിയുടെയും മാന്യമല്ലാത്തതുമായ മാർഗ്ഗം സ്വീകരിച്ച് രക്ഷനേടുന്നത് മുറുകെപിടിച്ച തത്വങ്ങളെ ഉപേക്ഷിക്കുന്നതിനു തുല്യമാണെന്ന് അദ്ദേഹം കരുതി. തന്നെ കൊലയ്ക്കു വിധേയനാക്കുന്നത് അധാർമ്മികമാണെങ്കിലും തിന്മയ്ക്കുപകരം തിന്മ പ്രവർത്തിക്കുന്നതുകൊണ്ട് പ്രയോജനമെന്തെന്ന് സോക്രട്ടീസിന്റെ മനസിൽനിന്നൊരു ചോദ്യമുയർന്നു. ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുവാൻ ക്രിറ്റോയ്ക്ക് കഴിഞ്ഞില്ല. അങ്ങനെ സോക്രട്ടീസ് തനിക്കുണ്ടായ വിധിയെ ധൈര്യപൂർവ്വം സ്വീകരിക്കുവാൻ തയ്യാറായി. ക്രിറ്റോ തടവറയിൽ നിന്നിറങ്ങിപ്പോയി. കപ്പൽ സോക്രട്ടീസിനെ കൂടാതെ തീരംവിട്ടു. സോക്രട്ടീസ് തന്റെ ധർമ്മങ്ങളെ മരണത്തിലൂടെ മുറുകെപ്പിടിച്ചു. സോക്രട്ടീസ് തന്നെ മരണത്തിനു വിധിച്ചവരോടു പറഞ്ഞു "നിങ്ങളേക്കാൾ ഞാൻ ദൈവത്തെ അനുസരിക്കും. എനിക്ക് പലതവണ മരിക്കേണ്ടി വന്നാലും ഞാൻ സത്യത്തിന്റെയും ധാർമ്മികതയുടെയും വഴിയിൽ നിന്നു മാറില്ല. എന്നെപ്പോലെ ഒരുവനെ കൊല്ലുന്നതുവഴി നിങ്ങൾ എന്നേക്കാൾ സമൂഹമനസ്സാക്ഷിയെയാണ് ദ്രോഹിക്കുന്നത്."

സോക്രട്ടീസിന്റെ മുമ്പിൽ രണ്ടുവഴികളുണ്ടായിരുന്നു. തന്റെ ജീവിത മൂല്യങ്ങളെ മരണംകൊണ്ട് മുറുകെപിടിക്കുക; അല്ലെങ്കിൽ അന്നുവരെ കാത്തുസൂക്ഷിച്ച ജീവിതമൂല്യങ്ങളെ കുറച്ചുവർഷങ്ങൾകൂടി ജീവിക്കുവാൻ തള്ളിപ്പറയുക. പക്ഷേ സോക്രട്ടീസ് തന്റെ ആയുസ് വെട്ടിച്ചുരുക്കി ജീവിച്ച മൂല്യത്തിൽ ഉറച്ചുനിന്നു.

സ്വാശ്രയസംഘങ്ങൾ ഇതരമേഖലകളിലെ വളർച്ചയേക്കാൾ ഉപരി മൂല്യാധിഷ്ഠിത ജീവിതത്തിന് പ്രാധാന്യം നൽകണം. സനാതന മൂല്യങ്ങളാകുന്ന അടിത്തറയിൽ നിന്നുകൊണ്ടുവേണം സമഗ്രവളർച്ചയ്ക്കായി യത്നിക്കുവാൻ. ഇതിനു വിരുദ്ധമായ മാതൃകകളാണ് ഇന്ന് മത-സാമൂഹിക-രാഷ്ട്രീയ രംഗത്ത് നമ്മൾ ഏറെ കണ്ടുവരുന്നത്. സ്വാശ്രയസംഘങ്ങൾക്ക് മൂല്യാധിഷ്ഠിത ജീവിതവും പ്രവർത്തനങ്ങളും കാഴ്ചവയ്ക്കാനായാൽ സ്വന്തം കുടുംബത്തിലും സമൂഹത്തിലും അത് ഉദാത്തമായ മാതൃകയായിത്തീരും.

സാമ്പത്തിക വളർച്ചയും സ്ഥാനമാനങ്ങളും അധികാരവുമാണ് ഇന്ന് പലപ്പോഴും ഒരാളുടെ മാഹാത്മ്യമായി സമൂഹം കണക്കാക്കുന്നത്. ഈ മനോഭാവം മാറി മൂല്യാധിഷ്ഠിത ജീവിതം നയിക്കുന്നവർക്കായിരിക്കണം സ്വാശ്രയസംഘങ്ങളിൽ മാന്യത കല്പിക്കേണ്ടതാണ്. സ്ഥാനമാനങ്ങൾ ലഭിക്കുമ്പോൾ മൂല്യങ്ങൾ മറക്കുന്ന, സ്ഥാനമാനങ്ങൾക്കായി ജനങ്ങളെ മുൻനിർത്തി വിലപേശുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ കാപട്യങ്ങളെ തിരിച്ചറിയാൻ നമുക്ക് കഴിയണം. കർഷകരുടെ പാർട്ടിയെന്ന് അഭിമാനിക്കുന്ന കക്ഷികളുൾപ്പെടെ എല്ലാ രാഷ്ട്രീയ കക്ഷികളും കേരള

*ത്തിലെ കർഷകർക്ക് കാർഷികാദായ നികുതിയേർപ്പെടുത്താനുള്ള പുതിയ ബജറ്റ് നിർദ്ദേശം കണ്ടില്ലെന്നു നടിച്ചത് അതിശയകരംതന്നെ. നഷ്ടം സഹിച്ചും, ലാഭക്കൊതിയില്ലാതെയും വിഷമാലിന്യങ്ങളില്ലാതെ കാർഷികവിളകൾ ഉത്പാദിപ്പിക്കുവാൻ കർഷകരെ സന്നദ്ധ സംഘടനകൾ പരിശീലിപ്പിക്കുകയും പ്രചോദനം നൽകുകയും ചെയ്യുമ്പോൾ, മനുഷ്യനന്മയിൽ ലവലേശം താല്പര്യമില്ലാതെ പാവപ്പെട്ട കർഷകരെ ഉദ്യോഗസ്ഥരുടെ മുൻപിൽ കൈകൂപ്പി നിർത്തുവാനും കൈക്കൂലി നൽകുവാനും വഴിതെളിക്കുന്ന ഇത്തരം തീരുമാനങ്ങളെടുക്കുന്നവർ കർഷക സമൂഹത്തെ സഹായിക്കുന്നവരല്ലെന്നതു മാത്രമല്ല ഒറ്റിക്കൊടുക്കുന്നവരുമാണ്.*

*അധാർമ്മികതകളുടെയും വെല്ലുവിളികളുടെയും മുമ്പിൽ പതറാതെ സോക്രട്ടീസിനെപ്പോലെ മൂല്യങ്ങൾ കാത്തുസൂക്ഷിച്ച് പ്രതിസന്ധികളെ അതിജീവിക്കുവാൻ സ്വാശ്രയസംഘങ്ങളിലെ പരിശീലനവും പ്രചോദനങ്ങളും നമുക്ക് വഴികാട്ടിയായിത്തീരണം. നമ്മുടെ ഗ്രാമങ്ങളിൽ നമ്മൾ ആരംഭിക്കുന്ന പുരുഷ സ്വാശ്രയസംഘങ്ങളായ ഹരിതസംഘങ്ങൾ ശക്തിപ്പെട്ട് വരുമ്പോൾ കൂടുതൽ ശക്തിയോടെ ആട്ടിൻകുഞ്ഞുങ്ങളുടെ വേഷമണിഞ്ഞ് കർഷകദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്നവരെ തിരിച്ചറിഞ്ഞ് പ്രതികരിക്കുവാൻ നമുക്ക് കഴിയണം. ഏത് പ്രതിസന്ധിയിലും മൂല്യങ്ങൾ കൈവെടിയാതെ സമഗ്രവളർച്ച നേടുവാൻ അണിചേരുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.*

*മൈക്കിളച്ചൻ*

# പൊതുഅറിയിപ്പുകൾ

## വനിതാദിനം

ലോക വനിതാദിനത്തോടനുബന്ധിച്ച് KSSS സ്വാശ്രയസംഘങ്ങൾ മേഖലാതലത്തിൽ സെമിനാറുകളും, റാലികളും, പൊതുസമ്മേളനങ്ങളും നടത്താവുന്നതാണ്. മാർച്ച് 7-ാം തിയതി ഞായറാഴ്ച KSSS ന്റെ പൊതുവായ വനിതാദിനാചരണത്തിന്റെ ഭാഗമായി കോട്ടയം ബി.സി.എം. കോളജ് ഓഡിറ്റോറിയത്തിൽ വച്ച് 'സ്ത്രീശക്തി സാമൂഹ്യ തിന്മകൾക്കെതിരെ' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. അൽഫോൻസ് കണ്ണന്താനം IAS പ്രഭാഷണം നടത്തും. തുടർന്ന് 3.30ന് നടക്കുന്ന പൊതുസമ്മേളനത്തിൽ മത, രാഷ്ട്രീയ, സാമൂഹിക നേതാക്കൾ സന്ദേശങ്ങൾ നൽകും.

## പുതിയ സ്വയംതൊഴിൽ സംരംഭം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ സ്വാശ്രയസംഘങ്ങളുടെ സ്വയം പര്യാപ്തത ലക്ഷ്യം ലക്ഷ്യം മുന്നിൽക്കണ്ട് നൂതന സംരംഭങ്ങൾക്കായി പരിശീലനം നൽകിവരുന്നു. ഇതിന്റെ ഭാഗമായി താല്പര്യമുള്ള സ്വാശ്രയസംഘങ്ങൾക്ക് ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷാ വാങ്ങുന്നതിനുള്ള ക്രമീകരണവും ചെയ്തുവരുന്നു. താല്പര്യമുള്ളവരുടെ പ്രാഥമിക അവബോധക്ലാസ്സ് ചൈതന്യയൽ വച്ച് നടത്തുക്കയുണ്ടായി. വിവിധ ഗ്രാമങ്ങളിൽ നിന്നായി 50 സ്വാശ്രയസംഘാംഗങ്ങൾ പങ്കെടുത്തു.



പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെ പറയുന്നു.
✪ ഡ്രൈവിംഗ് പരിശീലനത്തിനാവശ്യമായ തുകയുടെ 50% KSSS നൽകുന്നതാണ്. ✪ പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിനായി 20,000 രൂപ KSSS ലഭ്യമാക്കും. ഇതിൽ 10,000 രൂപ റിവോൾവിംഗ് ഫണ്ടായും ബാക്കി 10,000 രൂപ സബ്സിഡി തുകയായും (പരിശീലന ചെലവുൾപ്പെടെ) നൽകുന്നതാണ്. ✪ ഈ പദ്ധതിയുടെ പൂർണ്ണ വിജയത്തിനായി നടത്തുന്ന തുടർപരിശീലനത്തിൽ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണം. ✪ പദ്ധതിക്ക് ഒരു പൊതുപേര് നൽകുന്നതും പ്രസ്തുത പേരിൽ ഓട്ടോറിക്ഷകൾ ഓടിക്കുന്നതുമാണ്. ✪ ഓട്ടോറിക്ഷ വാങ്ങുന്നതിന് ഒരുവിഹിതം സ്വന്തമായി കണ്ടത്തേണ്ടതും ഗ്രൂപ്പിൽനിന്നും ഗ്രാമവികസന സമിതിയിൽ നിന്നും അനുവദിക്കുന്ന തുക ലോണായി സ്വീകരിക്കാവുന്നതുമാണ്. ✪ പദ്ധതിയുടെ പൂർണ്ണവിജയത്തിനായി പകൽ ഓട്ടോറിക്ഷ ഓടിക്കേണ്ടത് അതാത് വനിതകൾ തന്നെയായിരിക്കണം. എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ ഭർത്താവിനോ മക്കൾക്കോ ഓടിക്കാവുന്നതാണ്. ✪ സ്വയംതൊഴിലിനായി വാങ്ങുന്ന ഓട്ടോ 5 വർഷത്തിനുശേഷം മാത്രമേ വിൽക്കുവാൻ അനുവദിക്കുകയുള്ളൂ. ✪ വിൽക്കുന്ന അവസരത്തിൽ അത് സ്വാശ്രയഅംഗങ്ങൾക്ക് മാത്രമേ വിൽക്കുവാൻ അനുവദിക്കുകയുള്ളൂ. ✪ 10 വർഷത്തിനുശേഷമേ ഓട്ടോ പൊതുവായി വിൽക്കുവാൻ സാധിക്കുകയുള്ളൂ. ✪ പ്രാഥമിക പരിശീലനത്തിൽ പങ്കെടുത്ത സ്വാശ്രയ സംഘാംഗങ്ങൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ അനുവാദം നൽകുകയുള്ളൂ. ✪ അപേക്ഷകൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു പാസാക്കി ഗ്രാമവികസന സമിതിയിൽ അംഗീകരിച്ചതിനുശേഷം കേന്ദ്രഓഫീസിൽ മാർച്ച് 10-നകം എത്തിക്കണം. ✪ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ബന്ധപ്പെട്ട എല്ലാവരോടും ചർച്ച ചെയ്ത് KSSS തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. ✪ ആവശ്യമുള്ളവർക്ക് ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് KSSS ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

## സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി ശിൽപ്പശാല

സമഗ്ര വികസനം ലക്ഷ്യമാക്കി മുന്നേറുന്ന കെ.എസ്.എസ്.എസ് സാധാരണക്കാരനൊപ്പം നിന്ന് സാമൂഹിക വികസനത്തിനായി പ്രവർത്തിക്കുന്നതിന്റെ ഭാഗമായി വികലാംഗർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുമായി കേരളത്തിൽ ആദ്യമായി സനൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി ആരംഭിച്ച് നടപ്പിലാക്കിവരുന്നു. കഴിഞ്ഞ 7 വർഷങ്ങൾ കൊണ്ട് നിരവധി വികലാംഗരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ സാധിച്ചത് ഈ പദ്ധതിയുടെ വിജയവും കെ.എസ്.എസ്.ന്റെ വളർച്ചയുടെ അടയാളവുമാണ്. KSSSനടപ്പിലാക്കുന്ന ഈ പദ്ധതി കേരളത്തിലെ മാതൃകാപദ്ധ

തിയായി അംഗീകരിക്കപ്പെട്ടിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. ഈ പദ്ധതിയെക്കുറിച്ച് ലഭിച്ച അറിവുകൾ പങ്കുവയ്ക്കുവാനും കേരളത്തിൽ സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി നടപ്പിലാക്കവാൻ താത്പര്യമുള്ള സന്നദ്ധ സംഘടനകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുവാനായി KSSS-ന്റെ നേതൃത്വത്തിൽ രണ്ടുദിവസം നീണ്ടുനിൽക്കുന്ന സംസ്ഥാന തല ശിൽപ്പശാല ഫെബ്രുവരി 9,10 തിയതികളിൽ ചൈതന്യയിൽ വച്ച് നടത്തപ്പെടുന്നു. KSSS സ്റ്റാഫംഗങ്ങളും കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ധരും പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതാണ്.

### സ്വയം തൊഴിൽ പദ്ധതി

സ്വാശ്രയസംഘാംഗങ്ങളുടെ വളർച്ച ലക്ഷ്യം വച്ച് നൂതനമായ പ്രവർത്തനശൈലികൾ സംഘാംഗങ്ങളുടെ ആവശ്യം കണ്ടറിഞ്ഞ് സ്വീകരിച്ചുവരുന്നു. സ്വാശ്രയസംഘാംഗങ്ങളുടെ വരുമാന വർദ്ധനവിന് പ്രാധാന്യം നൽകി ഒട്ടേറെ പരിപാടികൾക്ക് ഇതിനോടകം നാന്ദി കുറിച്ചിട്ടുണ്ട്. വെള്ളൂരിലുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ സഹകരണത്തോടെ പഴയ പത്രമാസികകൾ ശേഖരിക്കുവാൻ കെ.എസ്.എസ്.എസ്. ഉദ്ദേശിക്കുന്നു. ഒരു ഗ്രാമത്തിൽ നിന്നും രണ്ടുപേരടങ്ങുന്ന ഒരു ടീമിന് പേപ്പറുകളും മാസികകളും ശേഖരിക്കാവുന്നതും, കെ.എസ്.എസ്.എസ്. -ൽ അറിയിക്കുന്ന പക്ഷം സ്ഥലത്തുവന്ന് പേപ്പർശേഖരിക്കുന്നതുമായിരിക്കും. തൊഴിൽരഹിതർ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതുപോലുള്ള സ്വയം തൊഴിലുകൾ വരുമാന വർദ്ധനവിന് കാരണണമാകുമെന്നതിനാൽ കൂടുതൽ ആളുകളുടെ സഹകരണം ഈ പുതിയ സംരംഭത്തിന് ഉണ്ടാകുമെന്ന് കരുതുന്നു. താല്പര്യമുള്ളവർക്ക് അപേക്ഷിക്കാം. ഗ്രാമവികസന സമിതി ഒരു ഗ്രാമത്തിൽ രണ്ടുപേരെ വീതം തെരഞ്ഞെടുത്ത് മാർച്ച് 10-ാം തീയതിക്കകം ഇവിടെ അറിയിക്കുമ്പോൾ അവർക്ക് പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതാണ്.

### സ്ഥിര ഗുണഭോക്താക്കൾക്ക് പരിശീലനം

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിലെ സ്ഥിര ഗുണഭോക്താക്കൾക്കുള്ള പരിശീലനം ഫെബ്രുവരി 19, 20 തിയതികളിൽ രാവിലെ 10.30 മുതൽ 4 മണിവരെ ചൈതന്യയിൽ വച്ച് നടത്തപ്പെടുന്നു. 19-ാം തിയതി കിടങ്ങൂർ, കടുത്തുരുത്തി, ചുങ്കം, മലങ്കര എന്നീ മേഖലകളിലെ ഗുണഭോക്താക്കളും 20-ാം തിയതി ഇടയ്ക്കാട്, കൈപ്പുഴ, ഉഴവൂർ മേഖലകളിലെ ഗുണഭോക്താക്കളും ഈ പരിശീലന പരിപാടിയിൽ സംബന്ധിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസായി 50 രൂപാവീതം കൊണ്ടുവരേണ്ടതാണ്.

### തിമിരരോഗ നിർണ്ണയ ക്യാമ്പ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം മെഡിക്കൽ കോളേജുമായി സഹകരിച്ച് ഫെബ്രുവരി 14-ാം തിയതി കരിങ്കുന്നം പാരീഷ് ഹാളിൽ വച്ച് സൗജന്യതിമിര നിർണ്ണയ ക്യാമ്പ് നടത്തുന്നു. ചുങ്കം മേഖലയിലെ 50 വയസ്സ് കഴിഞ്ഞവർക്ക് ഫെബ്രുവരി 12 നു മുമ്പായി അനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്ത് ക്യമ്പിൽ പങ്കെടുക്കാവുന്നതാണ്. തിമിരം നിർണ്ണയിക്കപ്പെടുന്നവർക്ക് ഡോക്ടർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ കോട്ടയം മെഡിക്കൽ കോളേജിൽ വച്ച് ശസ്ത്രക്രിയയും ആവശ്യമായ ലെൻസും KSSS സൗജന്യമായി ലഭ്യമാക്കുന്നതാണ്.



### കാൻസർ അവബോധ സെമിനാർ

കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ ഫെബ്രുവരി 14-ാം തിയതി 3 മണിക്ക് കാൻസർ ബോധവത്കരണ സെമിനാർ വാകത്താനം സെന്റ് മാത്യൂസ് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ജോജോ ജോസഫും KSSS പ്രവർത്തകരും പരിശീലനത്തിന് നേതൃത്വം നൽകും. കാൻസർ രോഗത്തെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന പല മിഥ്യാധാരണകളുമകറ്റുവാനും കാൻസർ രോഗത്തെക്കുറിച്ച് കൂടുതൽ അറിയുവാനും സെമിനാർ സഹായിക്കും.

### സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതി

സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമതലത്തിൽ ഹരിതവേദികൾക്ക് രൂപം കൊടുക്കുവാനും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുവാനും തെരഞ്ഞെടുക്കപ്പെട്ട ലീഡ് ഫാർമേഴ്സിന്റെയും അനിമേറ്റർമാരുടെയും കിടങ്ങൂർ, ചുങ്കം മേഖലാതല മീറ്റിംഗ് ഏപ്രിൽ മാസം 9, 10 തീയതികളിൽ ഉണ്ടായിരിക്കുന്നതാണ്. 9-ാം തീയതി 2.30 കിടങ്ങൂർ മേഖലയുടെ കിടങ്ങൂർ പാരീഷ്ഹാളിൽ വച്ചും 10-ാം തീയതി 2.30ന് ചുങ്കം മേഖലയുടെ ചുങ്കം പള്ളിയിൽ വച്ചും നടത്തപ്പെടുന്നതാണ്. പ്രസ്തുത മീറ്റിങ്ങിൽ എല്ലാ ലീഡ് ഫാർമേഴ്സും അനിമേറ്റേഴ്സും പങ്കെടുക്കേണ്ടതാണ്.

### ക്രഡിറ്റ് കോപ്പറേറ്റീവ് - ഗ്രാമതല പരിശീലനങ്ങൾ

സ്വാശ്രയസംഘങ്ങൾക്ക് സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുന്നതിനും മെച്ചപ്പെട്ട വരുമാനപദ്ധതികൾ ആരംഭിക്കുന്നതിനും 13 ഗ്രാമങ്ങളിൽ ക്രഡിറ്റ് കോപ്പറേറ്റീവിന് രൂപം നൽകുകയാണ്. ഓരോ ഗ്രാമത്തിലും ഗ്രാമവികസന സമിതിയുടെ കീഴിൽ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്രഡിറ്റ് കോപ്പറേറ്റീവുകൾ ഗ്രൂപ്പുകൾക്കും അംഗങ്ങൾക്കും മെച്ചപ്പെട്ട നിക്ഷേപ സാദ്ധ്യതകൾക്ക് അവസരമൊരുക്കുകയും വരുമാനപദ്ധതികൾ ആരംഭിക്കുവാൻ സഹായിക്കുകയും ചെയ്യും. ആദ്യഘട്ടമായി വെളിയനാട്, പിറവം, പൂഴിക്കോൽ, മള്ളൂശ്ശേരി, പുന്നത്തുറ, കരിങ്കുന്നം, ചാമക്കാല, കുറുമുള്ളൂർ, മോനിപ്പള്ളി, അമനകര, കിഴക്കേനട്ടാശ്ശേരി, കല്ലിശ്ശേരി, പാച്ചിറ എന്നീ ഗ്രാമങ്ങളിലാണ് ക്രഡിറ്റ് കോപ്പറേറ്റീവ് ആരംഭിക്കുക. ഗ്രാമങ്ങളിലെല്ലാം ക്രെഡിറ്റ് കോപ്പറേറ്റീവിന്റെ ദർശനം, ലക്ഷ്യം, അംഗത്വം, പ്രവർത്തനശൈലി, ലോൺ സാധ്യതകൾ എന്നിവയെക്കുറിച്ച് ഗ്രൂപ്പംഗങ്ങൾക്ക് സി. ലിനറ്റ്, ശ്രീമതി

ജാൻസി, ബെസി, ബിനോയി എന്നിവർ ക്ലാസ്സെടുക്കുകയുണ്ടായി. എല്ലാ ഗ്രാമങ്ങളിലും ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭാരവാഹികളുടെ ആദ്യ മീറ്റിംഗ് ഫെബ്രുവരി മൂന്നാം തിയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ചൈതന്യയിൽ വച്ച് ഉണ്ടായിരിക്കും.

## സ്വയം തൊഴിൽ പരിശീലനം

സ്വാശ്രയ സംഘാംഗങ്ങൾക്ക് വരുമാന വർദ്ധനവിന് അവസരമൊരുക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 28 അംഗങ്ങൾക്കായുള്ള ഡ്രസ്സ് ഡിസൈനിംഗ് കോഴ്സിന്റെ ആദ്യഘട്ട ട്രെയിനിംഗ് ജനുവരി 8 മുതൽ 14 വരെ ചൈതന്യയിൽ വച്ച് നടത്തപ്പെട്ടു. ആധുനിക രീതിയിലുള്ള ഡ്രസ്സ് ഡിസൈനിംഗ്, ഹാൻഡ് എംബ്രോയ്ഡറി, തുണി മുറിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ചായിരുന്നു ക്ലാസ്സ്. ശ്രീമതി അച്ചാമ്മ എബ്രഹാം, ശ്രീമതി സൂസി (മാഡം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം സയൻസസ്) എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## മണ്ണിര കമ്പോസ്റ്റ് നിർമ്മാണ പരിശീലനം

ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കായി ചൈതന്യയിൽ വച്ച് മണ്ണിര കമ്പോസ്റ്റ് നിർമ്മാണ പരിശീലനം നടത്തി. കൈപ്പുഴ, ഇടയ്ക്കാട്ട് മലങ്കര മേഖലകളിലെ ഗുണഭോക്താക്കൾക്ക് ജനുവരി 21-ാം തീയതിയും ചുങ്കം, കിടങ്ങൂർ, കടുത്തുരുത്തി, ഉഴവൂർ മേഖലകളിലെ ഗുണഭോക്താക്കൾക്ക് ജനുവരി 31-ാം തീയതിയും പരിശീലനം നടത്തി. മണ്ണിന്റെ ഘടന, ജൈവാംശങ്ങൾ, ജൈവസമ്പത്ത് മണ്ണിരവള നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ ശ്രീ. ബിനോയി, ശ്രീ. സിറിയക്ക് എന്നിവർ ക്ലാസ്സ് നയിച്ചു. മണ്ണിര കമ്പോസ്റ്റ് നിർമ്മാണ പ്രായോഗിക പരിശീലനവും ക്ലാസ്സിന്റെ ഭാഗമായി നടത്തി. പദ്ധതി നിബന്ധനകൾക്ക് അനുസൃതമായി മണ്ണിര കമ്പോസ്റ്റ് നടപ്പിലാക്കാമെന്ന് സമ്മതിച്ചവർക്ക് നിർമ്മാണത്തിന് അനുവാദം നൽകി. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 1500 രൂപ സബ്സിഡി തുകയോടൊപ്പം 25 പൈസ നിരക്കിൽ KSSS-ൽ നിന്നും മണ്ണിര ലഭ്യമാക്കുന്നതാണ്. മണ്ണിരയെ ആവശ്യമുള്ളവർ മുൻകൂട്ടി ഓഫിസിൽ അറിയിക്കേണ്ടതാണ്. ഫെബ്രുവരി 9, 10 തിയതികളിൽ രാവിലെ 10 മുതൽ 12 മണിവരെ മണ്ണിര ലഭ്യമാക്കുന്നതാണ്.

## ലോക്കൽ KSSS അംഗങ്ങൾക്ക് പരിശീലനം

ഹൈറേഞ്ച് മേഖലയിലെ ലോക്കൽ KSSS അംഗങ്ങൾക്കും അനിമേറ്റർമാരുടെ ഭർത്താക്കൻമാർക്കുമായി ജനുവരി മാസം 23-ാം തീയതി രാവിലെ 10.30 മുതൽ 3.00 വരെ തടിയമ്പാട് മേഖലാ ഓഫീസിൽ വച്ച് പരിശീലനം നൽകി. പടമുഖം ഫൊറോനാ വികാരി ഫാ. സജി മലയിൽ പുത്തൻപുരയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. സ്റ്റീഫൻ സ്വാഗതം ആശംസിച്ചു. യോഗത്തിൽ ഫാ. മാത്യു മേലേടം ആമുഖസന്ദേശം നൽകി. തുടർന്ന് ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ലോക്കൽ KSSS



ന്റെ പ്രവർത്തനം, KSSS പ്രവർത്തനങ്ങളിൽ ലോക്കൽ KSSS അംഗങ്ങളുടെ പങ്ക്, നേതൃത്വം എന്നീ വിഷയങ്ങളിൽ ക്ലാസ്സ് നയിച്ചു. തുടർന്ന് ശ്രീ. അൻജിത്തിന്റെ നേതൃത്വത്തിൽ ഹൈറേഞ്ച് മേഖലയിൽ നടപ്പിലാക്കേണ്ട ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി. വിവിധ ഗ്രാമങ്ങളിൽ ന്ന് വൈദികർ സിസ്റ്റേഴ്സ്, ലോക്കൽ KSSS അംഗങ്ങൾ തുടങ്ങി. 75 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## ഗ്രാമതല സ്വാശ്രയ മാർക്കറ്റുകൾ

ആഗോളവത്കരണത്തിന്റെ പ്രതികൂലഫലങ്ങളെ അതിജീവിക്കുവാൻ ഗ്രാമതലത്തിൽ കൂടുതൽ ഉല്പാദനവും ഗ്രാമങ്ങളിലെ ഉൽപന്നങ്ങൾ ഗ്രാമങ്ങളിൽ തന്നെ മാർക്കറ്റ് ചെയ്യപ്പെടുന്ന സംവിധാനവും വളർത്തിയെടുക്കേണ്ടതിന്റെ ഭാഗമായി ഗ്രാമതല സ്വാശ്രയ മാർക്കറ്റുകൾ കൂടുതൽ സജീവമാക്കുവാൻ KSSS ശ്രമിക്കുന്നു. ഇതിന്റെ ഭാഗമായി പുന്നത്തുറ, ചാമക്കാല, കിടങ്ങൂർ, കൂടല്ലൂർ, കൈപ്പുഴ, വെളിയന്നൂർ, പേരൂർ, പാച്ചിറ, വാകത്താനം, തോട്ടറ, കുന്നങ്കരി എന്നീ പ്രദേശങ്ങളിൽ തിരുനാളിനോടനുബന്ധിച്ച് ഗ്രാമതല സ്വാശ്രയ മാർക്കറ്റുകൾ നടത്തുകയുണ്ടായി.

ഗ്രാമതല സ്വാശ്രയ മാർക്കറ്റുകൾ നടത്താനാഗ്രഹിക്കുന്നവർ ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് അനിമേറ്ററിന്റെ അനുവാദത്തോടെ മുൻകൂട്ടിത്തന്നെ അതാത് മേഖലാ വിപണനകേന്ദ്രങ്ങളിൽ അറിയിക്കണം.

## ഗ്രാമോത്സവം

ഗ്രാമതലത്തിൽ രൂപീകരിച്ചിരിക്കുന്ന വിവിധ സ്വാശ്രയ സംഘാംഗങ്ങളുടെ വാർഷിക മഹോത്സവമായ ഗ്രാമോത്സവം കിഴക്കേ നട്ടാശ്ശേരിയിൽ ജനുവരി 31ന് നടന്നു. ഫാ. ലല്ലൂ കൈതാരം, സി. ലിനറ്റ്, ശ്രീ. അൻജിത്ത് എബ്രഹാം എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഉച്ചകഴിഞ്ഞ് ഗ്രാമവാസികൾ അണിനിരന്ന സ്വാശ്രയ പ്രഘോഷണ റാലി ഉണ്ടായിരുന്നു. തുർന്നുനടന്ന പൊതുസമ്മേളനത്തിൽ ഫാ. ബൈജു എടാട്ട് അദ്ധ്യക്ഷനായിരുന്നു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. സ്വാശ്രയസംഘാംഗങ്ങളുടെ വിവിധ കലാപരിപാടികളും സമ്മേളനത്തോടനുബന്ധിച്ച് നടത്തി.

## മഡോണ ക്യാമ്പ്

സ്വാശ്രയസംഘാംഗങ്ങളുടെ സമഗ്രവളർച്ച ലക്ഷ്യംവച്ച് രൂപം നൽകിയ മഡോണ ഗ്രൂപ്പംഗങ്ങളുടെ വ്യക്തിത്വ വികസനത്തിനായി ജനുവരി 29, 30, 31 തീയതികളിൽ ചൈതന്യയിൽ വച്ച് നടത്തിയ ക്യാമ്പിൽ വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള 75 ഗ്രൂപ്പംഗങ്ങൾ പങ്കെടുത്തു. ഫാ. വർഗീസ് കാട്ടുപ്പറമ്പിൽ (കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ) ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജേക്കബ് കുറുപ്പിനകത്ത്, ശ്രീ. സ്റ്റീഫൻ ജോസ്, ശ്രീ. ബിനോയി എ.കെ., ശ്രീ. ജോൺ പുല്ലാപ്പള്ളി, സി. ലിനറ്റ്, ശ്രീ. സാബു കുര്യൻ, ശ്രീ. അൻജിത്ത് എബ്രഹാം, മിസ് ആലി ചിറമേൽപ്പുറത്ത് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### വനിതാ ലീഡേഴ്സിന് പരിശീലനം

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിൽ വച്ച് കേരളത്തിലെ എല്ലാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളിലെയും വനിതാ കോർഡിനേറ്റർമാർക്കും ഫെഡറേഷൻ ഭാരവാഹികൾക്കുമായി നടത്തിയ മൂന്നുദിവസം നീണ്ടുനിന്ന പരിശിലീന ക്യാമ്പിൽ KSSS കോർഡിനേറ്റർ ജെസി മാത്യു, ഫെഡറേഷൻ ഭാരവാഹികളായ ശ്യാമള, സൂസമ്മ ജോണി എന്നിവർ പങ്കെടുത്തു.

### വാത്തിക്കുടി ഭൂവിഭവ സംരക്ഷണ പദ്ധതി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പടമുഖം ഗ്രാമത്തിൽ നടപ്പിലാക്കുന്ന ഭൂവിഭവ സംരക്ഷണ പദ്ധതി പ്രവർത്തനങ്ങൾ വ്യാപകമാക്കി. പദ്ധതിയുടെ പ്രയോജനം തിരിച്ചറിഞ്ഞ് നടത്തിപ്പിൽ ജനപങ്കാളിത്തം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് സന്തോഷകരമാണ്. പദ്ധതി പ്രദേശത്തെ നിവാസികൾക്കായി ഗ്രാമതല സെമിനാറും പദ്ധതി വിശകലനവും നടത്തുകയുണ്ടായി. പദ്ധതി പ്രദേശത്ത് 2918 നീർക്കുഴികളും 2625 മീറ്റർ കല്ല് കയ്യാലയും 4000 മീറ്റർ മൺ കയ്യാലയും 25 തടയണകളും 34 മണ്ണിരവള നിർമ്മാണ യൂണിറ്റുകളും പൂർത്തിയായിട്ടുണ്ട്. 50 അടുക്കളത്തോട്ട യൂണിറ്റുകൾ 5 മഴവെള്ള സംഭരണികൾ എന്നിവ നിർമ്മാണ ഘട്ടത്തിലാണ്. മണ്ണിരവളം കൂടുതൽ പ്രാവർത്തികമാക്കുന്നതിന് മണ്ണിരവള നിർമ്മാണ പരിശീലനവും നടത്തുകയുണ്ടായി. ഗ്രാമതല സെമിനാറിന് ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. സജി മലയിൽ പുത്തൻപുരയിൽ, ശ്രീ. അൻജിത്ത് എബ്രഹാം, ശ്രീ. അനുജോസഫ്, ശ്രീ. സിറിയക് ജോസഫ് എന്നിവർ നേതൃത്വം നൽകി.

### പുതിയ സ്വാശ്രയ വിപണനകേന്ദ്രം

KSSS-ന്റെ മേൽനോട്ടത്തിലും കർഷകസംഘത്തിനന്റെ നേതൃത്വത്തിലും ഹൈറേഞ്ച് മേഖലയിലെ സേനാപതിയിൽ KSSS ന്റെ 11-ാമത്തെ വിപണനകേന്ദ്രം ആരംഭിച്ചു. ഹൈറേഞ്ച് മേഖലയിലെ 3-ാമത്തെ വിപണനകേന്ദ്രമാണിത്. വിപണനകേന്ദ്രങ്ങളിലൂടെ ബദൽ ജീവിതശൈലി ജനസമൂഹത്തിൽ വ്യാപിപ്പിക്കുവാൻ KSSS ലക്ഷ്യമിടുന്നു. ജനപ്രതിനിധികളും കർഷക സുഹൃത്തുക്കളും, ഗ്രാമതല ഭാരവാഹികളും സ്വാശ്രയ സംഘാംഗങ്ങളും സേനാപതിയിലെ സ്വാശ്രയ വിപണനകേന്ദ്രത്തിന്റെ ഉദ്ഘാടനാവസരത്തിൽ പങ്കെടുത്തു.

### വിപണനകേന്ദ്രാംഗങ്ങൾക്ക് പരിശീലനം

KSSS-ന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയ വിപണന കേന്ദ്രത്തിലെ അംഗങ്ങൾക്കായി 2004 ജനുവരി 30-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ പരിശീലനം നൽകി.

### സംസ്ഥാനതല സി. ബി. ആർ ഫോറം മീറ്റിംഗ്

സി. ബി. ആർ ഫോറത്തിന്റെ കീഴിൽസമൂഹാധിഷ്ഠിത പുനരധിവാസപദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ 20 സന്നദ്ധ സംഘടനകളിൽ



നിന്നും ഡയറക്ടറും, കോർഡിനേറ്ററും രണ്ടു ദിവസം ചൈതന്യയിൽ താമസിച്ച് സി. ബി. ആർ പ്രവർത്തനത്തെകുറിച്ച് വിലയിരുത്തുകയും വിവിധ ചർച്ചകൾ നടക്കുകയും ചെയ്തു.. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിന്റെ ഡയറക്ടർ ഡോ. റസീന പദ്മം വികലാംഗരും സമൂഹവും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കുകയും തുടർന്ന് ചേർപ്പുങ്കൽ, സംക്രാന്തി എന്നീ സ്ഥലങ്ങളിൽ സി. ബി. ആർ ഗ്രൂപ്പുകൾ സന്ദർശിക്കുകയും ചെയ്തു. സി.ബി.ആർ. ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ബോർഡ് മെമ്പർ, ആക്ഷൻ ഓൺ ഡിസ്എബിലിറ്റി ഡെവലപ്മെന്റ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ ഈ മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. KSSS നടപ്പിലാക്കുന്ന പ്രവർത്തന മാതൃക സന്ദർശകർക്ക് പ്രചോദനമായി.

### സീനിയർ സിറ്റിസൺസിന് ആയുർവേദ മെഡിക്കൽ ക്യാമ്പ്

കിടങ്ങൂർ മേഖലയിലെ വിവിധ ഗ്രാമങ്ങളിലെ സീനിയർ സിറ്റിസൺ ഗ്രൂപ്പ് അംഗങ്ങൾക്കായി ആരോഗ്യ അവബോധ സെമിനാറും ആയുർവേദ മെഡിക്കൽ ക്യാമ്പും നടത്തി. **പുന്നത്തുറ:** ഫാ. ജേക്കബ് വാലേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അയർക്കുന്നം ഗ്രാമപഞ്ചായത്ത് മെംബർ ലിസമ്മ ബേബി ഉദ്ഘാടനവും ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണവും നടത്തി. ആരോഗ്യ പ്രശ്നങ്ങൾ, ഭക്ഷണരീതികൾ എന്നിവയെക്കുറിച്ച് ക്ലാസ്സെടുത്തു. ശ്രീ. ബിനോയി ജോസഫ്, ശ്രീ. ലിൻസ് എന്നിവർ കെ.എസ്.എസ്.എസ്.ന്റെ വിവിധ ഗ്രൂപ്പുകളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. 90ഗ്രൂപ്പംഗങ്ങളെ പരിശോധിച്ച് മരുന്നുകൾ നൽകി.

### സ്വാശ്രയ കുടുംബസംഗമങ്ങൾ

ജനുവരി മാസത്തിൽ മലങ്കരമേഖലയിലെ റാന്നിയിലും, ഇരവിപേരൂരും കുടുംബസംഗമങ്ങൾ നടത്തുകയുണ്ടായി. കുടുംബസംഗമങ്ങളിൽ പുരുഷന്മാരുടെ വർദ്ധിച്ച പങ്കാളിത്തമുണ്ടായിരുന്നതും, ബദൽ ജീവിതശൈലി പരിശീലനത്തിൽ കൂടുതൽ താല്പര്യമുണ്ടായിരുന്നതും ശ്രദ്ധേയമായിരുന്നു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ക്ലാസ്സുകൾ നയിച്ചു.

## ]cØXkulZhIk\ fl´ A\taädpsS ]f

**ശ്രീമതി ബിനി ജോണി**

വി. ബൈബിളിലെ ഉൽപത്തി പുസ്തകത്തിൽ ദൈവം പ്രപഞ്ചത്തെ സൃഷ്ടിക്കുന്ന ഭാഗം മനോഹരമായി ചിത്രീകരിക്കുന്നുണ്ട്. ഭൂമിയിൽ ഇരുളും വെളിച്ചവും ആകാശവും ജലവും സസ്യങ്ങളും ജന്തുക്കളും എല്ലാം ഒരുക്കിയെടുക്കുന്ന പ്രപഞ്ചസൃഷ്ടാവിന്റെ കരവേലകൾ നാം ആദരവോടെ നോക്കിക്കാണുന്നു. ഭൂമിയിലുള്ള എല്ലാത്തിന്റെയും അധിപനായി ദൈവം

മനുഷ്യനെ നിയമിച്ചു. ഭൂമിയിൽ ആധിപത്യം നേടിയ മനുഷ്യൻ ഭൂമിയിലെ തന്റെ നിലനില്പിനെത്തന്നെ അപകടപ്പെടുത്തുന്ന അസുരഭാവങ്ങളുടെ ഉടമയായി മാറിയിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിരിക്കുന്നു.

ആധുനികതയുടെ ലോകത്തിൽ ജീവിക്കുന്ന ആധുനിക മനുഷ്യരുടെ മൂല്യങ്ങൾ ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ സുഖതൃഷ്ണയും സ്വാർത്ഥപരമായ പ്രവർത്തനങ്ങളും അവനെ അപകടാവസ്ഥയിൽ എത്തിച്ചിരിക്കുന്നു. ലോകത്തിന്റെ നിയന്ത്രണം ആഗ്രഹിച്ച സാമ്രാജ്യത്വശക്തികൾ, മത്സരബുദ്ധിയോടെ ആയുധങ്ങളും അണ്വായുധങ്ങളും വികസിപ്പിക്കുന്നതിലേക്ക് മാനവരാശിയെ എത്തിച്ചു. ആയുധ പരീക്ഷണങ്ങൾ അന്തരീക്ഷത്തെ വിഷലിപ്തമാക്കുന്നു. ഇവ താരയുദ്ധ വേദികളായി മാറുമ്പോൾ ഈ ഭൂമിയും പ്രപഞ്ചമണ്ഡലവും വിഷലിപ്തമായി മാറുന്നു.

ജീവിതത്തിന്റെ ആവശ്യങ്ങളെ വർദ്ധിപ്പിക്കുന്ന ഉപഭോഗസംസ്കാരം ആഡംഭരങ്ങളെപ്പോലും അത്യാവശ്യങ്ങളായി ഉയർത്തി. നമ്മുടെ ആധുനിക ഉപകരണങ്ങളിലുപയോഗിക്കുന്ന ഫിയോൺപോലുള്ള ക്ലോറോ, ഫ്ളൂറോ കാർബണുകൾ അന്തരീക്ഷത്തിൽ കലർന്ന് ഓസോൺ പാളി പിളർക്കുമ്പോൾ, മനുഷ്യരാശിയുടെമേൽ മാരകരോഗങ്ങളായി സസ്യജാലങ്ങളുടെമേൽ നാശകാരികളായി പതിക്കുന്ന അപകടം എത്രയോ വലുതാണ്. നാം നിത്യേന ഉപയോഗിക്കുന്ന സൗന്ദര്യവസ്തുക്കൾപോലും അന്തരീക്ഷത്തെ മലിനമാക്കുന്നു.

1950-കൾക്കുശേഷമാണ് വായു മലിനീകരണം രൂക്ഷമായിത്തീർന്നത്. വാർത്താവിനിമയ രംഗങ്ങളിൽ നമ്മുടെ നേട്ടം അത്ഭുതാവഹമാണ്. വാഹനങ്ങളിൽ നിന്നും ഫാക്ടറികളിൽനിന്നും മറ്റുമുള്ള പുകപടലങ്ങൾ, ആകാശവിതാനത്തെ തകർക്കുന്നു. 'ശുദ്ധവായു' എന്നത് സാങ്കൽപിക വസ്തുവായി പരിണമിക്കുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കെട്ടിടസമുച്ചയങ്ങൾ വരെ നാശകാരികളായി മാറുന്നു.

മറ്റെല്ലാ ജീവികളും എക്കാലങ്ങളിലും ഒരേ തരത്തിൽ വാസസ്ഥലം പണിയുമ്പോൾ മനുഷ്യൻ ആധുനികമണിമന്ദിരങ്ങളുയർത്തി പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തകർത്തു. നാം തീർക്കുന്ന സിമന്റ് കൂട്ടുകളാകുന്ന കൂടാരങ്ങൾ പ്രകൃതിയുടെ താപനില കൂട്ടുവാനും മഴകുറയ്ക്കുവാനും ഇടയാക്കുന്നു.

നഗരവത്കരണം നരകസൃഷ്ടിയായി മാറുന്നു. വനങ്ങൾ നശിപ്പിക്കുന്നതിൽ അതിസാമർത്ഥ്യം കാണിക്കുന്നതിലൂടെ പ്രകൃതിയുടെ സന്തുലിതാവാസ്ഥ തകർന്നടിയുന്നു. വികസന പ്രവർത്തനങ്ങൾ നദികളേയും വറ്റിച്ചു. ഭാരതപ്പുഴ പെരിയാർ, തുടങ്ങിയ ജലപ്രവാഹങ്ങളും ജലസംഭരണികളുമെല്ലാം വ്യവസായവൽക്കരണത്തിന്റെയും ശാസ്ത്രീയ കൃഷിരീതികളുടെയും വിഷകേന്ദ്രങ്ങളായി മാറുമ്പോൾ ശുദ്ധജലമെന്നത് ശുദ്ധ അസംബന്ധമായി പരിണമിക്കുന്നു.

ഭൂമിയിലെ അജീവിയഘടകങ്ങളും സസ്യങ്ങളും ജന്തുക്കളും മനുഷ്യരും തമ്മിലുള്ള പരസ്പരബന്ധമാണ് പരിസ്ഥിതി എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത്. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾ മലിനീകരണത്തിന് കാരണമാകുന്നു.



പരിസ്ഥിതിയുടെ തകിടം മറിച്ചിലിന് മാറ്റം വരുത്തേണ്ടത് സമൂഹ ജീവിയായ മനുഷ്യന്റെ കടമയാണ്. ഈ അവസ്ഥയിലാണ് ഓരോഗ്രാമത്തിലും അനിമേറ്റർക്ക് പ്രസക്തിയേറുന്നത്. പരിസ്ഥിതി സൗഹൃദവികസനത്തിൽ അനിമേറ്റർക്ക് വളരെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്ന അനിമേറ്റർക്ക് മറ്റുള്ളവരെ ഉന്നതിയിലേയ്ക്ക് കൊണ്ടുവരുവാൻ സാധിക്കും. പരിസ്ഥിതിയെക്കുറിച്ച് തെറ്റായ ധാരണ വച്ചുപുലർത്തുന്ന വ്യക്തികളുടെ മനോഭാവത്തിന് മാറ്റം വരുത്തുവാൻ അനിമേറ്ററിന് സാധിക്കുന്നു.

പരിസ്ഥിതി പ്രശ്നങ്ങളും 'ആധുനികവും ശാസ്ത്രീയവും' എന്നു വിശേഷിപ്പിക്കുന്ന കൃഷിരീതികളും കാർഷികമേഖലയുടെ വാണിജ്യവത്കരണവും സാധാരണക്കാർക്ക് നൽകുന്ന പാഠങ്ങളിപ്പോൾ ഒരു വിലാപത്തിന്റേതാണെന്ന സത്യം ഓരോവ്യക്തികൾക്കും മനസ്സിലാക്കി കൊടുക്കുവാൻ അനിമേറ്റർക്ക് കഴിയണം. കൃഷിയിടങ്ങളുടെ സമഗ്രമായ ഉപയോഗരീതി അനുഭവങ്ങളിലൂടെ ആവിഷ്ക്കരിച്ച തലമുറകൾ അന്യംവന്നിരിക്കുന്നുവെന്ന ബോധ്യം ഓരോ വ്യക്തിക്കും ഉണ്ടാക്കിക്കൊടുക്കണം. കാർഷികജനതയുടെ കർമ്മശക്തിയും, ധർമ്മശക്തിയും ഉണർത്തിക്കൊണ്ടുവരുവാനും ഭക്ഷ്യവിളകളും, നാണ്യവിളകളും ഇടവിളകളും സംപുഷ്ടവിളകളുമെല്ലാം എപ്രകാരം കൃഷിചെയ്യുവാൻ സാധിക്കുമെന്നും ഓരോ ഗ്രൂപ്പുകളിലും പറഞ്ഞുകൊടുക്കുവാൻ അനിമേറ്റർക്ക് കഴിയണം.

സ്വാർത്ഥമോഹങ്ങളുടെ മായാവലയവും, ഉപഭോഗസംസ്കാരങ്ങളുടെ ആകർഷണവലയവും, സാമാന്യബുദ്ധിയുടേയും ദീർഘവീക്ഷണത്തിന്റേയും അനുഭവപാഠങ്ങളുടേയും വെളിച്ചത്തിൽ ഭേദിച്ചുകൊടുക്കുവാൻ ഓരോ ഗ്രൂപ്പംഗത്തിനേയും പ്രാപ്തരാക്കണം. കാടും മലയും, തോടും പുഴയും, കടലും കായലും, മണ്ണും വിണ്ണും, ജലവും വായുവും, നിലനില്ക്കാതെ മനുഷ്യർക്കും, ജീവജാലങ്ങൾക്കും, നിലനില്പില്ലെന്ന തിരിച്ചറിവ് ഓരോ വ്യക്തിക്കും ഉണ്ടാക്കിക്കൊടുക്കുവാൻ അനിമേറ്റർ ശ്രദ്ധിക്കണം.

'ആഡംഭരങ്ങളെപ്പോലും', ആവശ്യങ്ങളാക്കിമാറ്റുന്ന 'സുഖതൃഷ്ണ'യിൽ നിന്ന് ലളിതവും സുന്ദരവും സുസ്ഥിരവുമായ ഒരു ബദൽ ജീവിതശൈലി ആവിഷ്ക്കരിക്കുവാൻ ഓരോ ഗ്രൂപ്പംഗത്തിനേയും പ്രാപ്തരാക്കണം.

300 വർഷത്തെ കഠിന പരിശ്രമത്തിന്റെ ഫലമായി പ്രകൃതി കനിഞ്ഞുനൽകിയ മണ്ണിനെ നീർക്കുഴികൾ കുഴിച്ചും, മൺകയ്യാല, കല്ല് കയ്യാല, പുല്ലുകൾ മുതലായവ വച്ച് പിടിപ്പിച്ച് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം പറഞ്ഞുമനസ്സിലാക്കി കൊടുക്കണം. അമൂല്യസമ്പത്തായ ജലത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെ അവയെ നഷ്ടപ്പെടുത്തുന്ന പ്രവണത ഇല്ലാതാക്കുവാനും, പരിസ്ഥിതി നശീകരണത്തിന്റെ ഭാഗമായി ജലത്തിന്റെ അളവ് കുറയുന്നുവെന്ന ബോദ്ധ്യവും ജനങ്ങളിൽ എത്തിക്കണം.

വരും തലമുറയ്ക്കായി പരിസ്ഥിതിയെ വിവേകപൂർവ്വം ഉപയോഗിച്ച് ധർമ്മത്തിലധിഷ്ഠിതമായ ഒരു ജീവിതത്തിന് മറ്റുള്ളവരെ പ്രാപ്തമാക്കണം. മനുഷ്യന്റെ കർമ്മശേഷിയെ പ്രയോജനപ്പെടുത്തുന്നതും, പ്രപഞ്ചത്തിന്റെ സർഗ്ഗശേഷിയെ നിലനിർത്തുന്നതുമായ ബോധവത്കരണ ക്ലാസ്സുകൾ തുടർന്നും സംഘടിപ്പിക്കണം.

ആകാശത്ത് പക്ഷിയെപ്പോലെ പറക്കുവാനും, സമുദ്രത്തിൽ മത്സ്യത്തെപ്പോലെ സഞ്ചരിക്കുവാനും പഠിച്ച മനുഷ്യൻ, ഭൂമിയിൽ മനുഷ്യനെപ്പോലെ ജീവിക്കാനിനിയും പഠിച്ചിട്ടില്ല എന്ന മഹത്വചനം ഓരോ വ്യക്തിയുടെയും ചിന്താവിഷയം ആക്കിക്കൊടുക്കുവാൻ അനിമേറ്റർ ശ്രമിക്കണം. ഈശ്വരനും മനുഷ്യനും, മനുഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരമ്പര്യത്തിന്റെ പരിശുദ്ധിയിലൂന്നിയ ഒരു നവലോകസൃഷ്ടി നമ്മുടെ സ്വപ്നവും ജീവിതപന്ഥാവുമായിത്തീരട്ടെയെന്ന യാഥാർത്ഥ്യം ഗ്രൂപ്പുകളിലേ ഓരോ വ്യക്തികളുടേയും മനസ്സുകളിൽ ചേക്കേറുവാൻ ഓരോ അനിമേറ്ററും ശ്രദ്ധിക്കണം.

*(കെ.എസ്.എസ്.എസ്. സ്റ്റാഫംഗങ്ങൾക്കായി നടത്തിയ ഉപന്യാസ മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ ലേഖനം. ശ്രീമതി ബിനി ജോണി ബൈസൺവാലി ഗ്രാമത്തിലെ അനിമേറ്ററാണ്).*

## സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി

**ഉഴവൂർ:** മേഖലാ അടിസ്ഥാനത്തിൽ മോനിപ്പിള്ളി ഗവ. എൽ.പി. സ്കൂളിൽവച്ച് ഫാ. മാത്യു എടാട്ടിന്റെ അദ്ധ്യക്ഷതയിൽ വികലാംഗദിനം ആചരിച്ചു. ഉഴവൂർ പഞ്ചായത്തുമെമ്പർ ഡെയ്സി ജോസ് ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. കുഞ്ഞുമോൻ സ്വാഗതവും, ടോമി വി.കെ. നന്ദിയും പറഞ്ഞു. വിവിധ കലാപരിപാടികൾ, സമ്മാനദാനം എന്നിവ നടത്തി.

**കിഴക്കേനട്ടാശ്ശേരി:** സി.ബി.ആർ. ഗ്രൂപ്പിലെ അംഗമായ കെ.ജെ. ജോസഫ് പെട്ടിക്കട നടത്തുന്നു.

**ഗ്രാന്റു നൽകി:** റ്റോമി വി.കെ.യ്ക്ക് പശുവിനെ വാങ്ങാൻ 4000 രൂപ കെ.എസ്.എസ്.എസ്.-ൽ നിന്നും കൊടുത്തു. വെളിയന്നൂർ സി.ബി.ആർ. അംഗമായ ലൂസിക്ക് പശുവിനെ വാങ്ങുവാൻ കെ.എസ്.എസ്.എസ്.ൽ നിന്നും 3500 രൂപ നൽകി.

**പഠന വിനോദയാത്ര:** വൈകല്യമുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി പഠനവിനോദയാത്ര നടത്തി. ജനുവരി 24-ാം തിയതി മിൽമ ഡയറി, അന്ന അലുമിനിയം ഫാക്ടറി, കിറ്റക്സ്, എറണാകുളം സുഭാഷ് പാർക്ക് എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും കലാകായികപരിപാടികൾ നടത്തുകയും ചെയ്തു.



## വനിതാ ഗ്രൂപ്പുകൾ

### ഇടയ്ക്കാട്ട് മേഖല

**ഗ്രാമതല സെമിനാർ:** കുമരകം, കണ്ണങ്കര, പേരൂർ എന്നീ സ്ഥലങ്ങളിൽ സ്വാശ്രയ സംഘാംഗങ്ങൾക്കായി നടത്തിയ ഗ്രാമതല സെമിനാറിൽ ഫാ. ജോസ് ചിറപ്പുറം, ഫാ. സണ്ണി വേങ്ങച്ചേരി, ഫാ. ലൂക്ക് പൂത്തൃക്കയിൽ എന്നിവർ അദ്ധ്യക്ഷത വഹിക്കുകയും ഫാ. സാബു മൂലക്കാട്ട്, ശ്രീ. ലിൻസ്, ഫാ. സൈമൺ പൂത്തറ എന്നിവർ 'സ്ത്രീകളിൽ ആത്മഹത്യ പ്രവണത', 'വ്യക്തിബന്ധങ്ങൾ', 'ബദൽ ജീവിതശൈലി' എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

**ഉൽപന്നമേള നടത്തി: കുമരകം:** ക്രിസ്തുമസ്സിനോടനുബന്ധിച്ച് സ്വാശ്രയസംഘാംഗങ്ങൾ ഉൽപന്നമേള നടത്തി. ഫാ. ജോസ് ചിറപ്പുറം ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഉൽപന്നങ്ങളുടെ ആദ്യവിൽപന ശ്രീ. സൈമൺ ജോസഫ് നിർവഹിച്ചു.

**ലീഡേഴ്സ് മീറ്റിംഗ്: കിഴക്കേ നട്ടാശ്ശേരി:** ഫാ. ബൈജു എടാട്ടിന്റെയും കോർഡിനേറ്ററുടെയും നേതൃത്വത്തിൽ ലീഡേഴ്സ് മീറ്റിംഗ് കൂടി. ഗ്രാമോത്സവ് ക്രെഡിറ്റ് കോപ്പറേറ്റീവ് എന്നിവ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. **കാരിത്താസ്:** കോർഡിനേറ്റർ മേഴ്സി സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ ലീഡേഴ്സ് മീറ്റിംഗ് കൂടുകയും കുടുംബസംഗമത്തെപ്പറ്റി ചർച്ച ചെയ്തു തീരുമാനമെടുക്കുകയും ചെയ്തു.

**മെമ്മോറാണ്ടം നൽകി: കുമരകം:** കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി വയലാർ രവി എം.പി.യ്ക്ക് സ്വാശ്രയ സംഘാംഗങ്ങൾ മെമ്മോറാണ്ടം നൽകി.

**വാർഷികം ആഘോഷിച്ചു: മള്ളൂശ്ശേരി:** ശാന്തി, കരുണ എന്നീ ഗ്രൂപ്പുകളുടെ 5-ാമത് വാർഷികം ഫാ. എബി അലക്സിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. തങ്കച്ചൻ ഉദ്ഘാടനം ചെയ്തു. കലാകായിക മത്സരങ്ങൾ നടത്തുകയും സ്നേഹവിരുന്നു നൽകുകയും ചെയ്തു.

**ക്രിസ്തുമസ് ആഘോഷിച്ചു: ചാരമംഗലം:** മഡോണ ഗ്രൂപ്പിന്റെയും സെൻറ് മേരീസ് കുടുംബയൂണിറ്റിന്റെയും നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷിച്ചു. സി. മേരിയുടെ അദ്ധ്യക്ഷതയിൽ വഹിച്ചു. ശ്രീമതി മേരി തോമസ് ക്രിസ്തുമസ് സന്ദേശം നൽകി. കേക്ക് മുറിച്ച് സ്നേഹവിരുന്നു നടത്തി.

**പുതിയഗ്രൂപ്പ്: മള്ളൂശ്ശേരി:** 'ആരാധന' എന്ന പേരിലും കുമരകത്ത് 'ദർശന' എന്ന പേരിലും പുതിയ ഗ്രൂപ്പ് ആരംഭിച്ചു.

**ശ്രമദാനം: കുമരകം:** ഐശ്വര്യഗ്രൂപ്പിലെ അംഗങ്ങൾ തോട്ടിലെ പായൽ വാരി വൃത്തിയാക്കി.

**സ്വയംതൊഴിൽ: കിഴക്കേനട്ടാശ്ശേരി:** തിരുനാളിനോടനുബന്ധിച്ച് വിവിധ ഗ്രൂപ്പുകളിലെ മൂന്ന് അംഗങ്ങൾ ചേർന്ന് ലഘുഭക്ഷണ സ്റ്റാൾ നടത്തി. **ചാരമംഗലം:** ഉദയഗ്രൂപ്പിലെ ഗീത ദാസപ്പൻ തൈര് കച്ചവടം നടത്തുന്നു.

**വാർഷികം ആഘോഷിച്ചു:** ചാരമംഗലം: മഡോണഗ്രൂപ്പിന്റെ വാർഷികം ഫാ. ജെയിംസ് ചെരുവിലിന്റെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. കോർഡിനേറ്റർ സ്മിത ആനി എബ്രാഹം, ലിസി എന്നിവർ ആശംസകൾ അർപ്പിച്ചു.

## കടുത്തുരുത്തി മേഖല

**പുതിയ ഗ്രൂപ്പ്: പാഴുത്തുരുത്ത്:** സൂവ എന്ന പേരിൽ ഗ്രൂപ്പ് ആരംഭിച്ചു. പ്രസിഡന്റ് - മേഴ്സിബാബു, വൈസ് പ്രസിഡന്റ് - മിനി തങ്കപ്പൻ, സെക്രട്ടറി - രാധാ മോഹനൻ, ജോയിന്റ് സെക്രട്ടറി - ഷൈലജ, കാഷ്യർ - അന്നമ്മ ചാക്കോ, ലീഡർ - കമലമ്മ പൗത്രൻ എന്നിവരെ തെരഞ്ഞെടുത്തു.

**നവോമി സംഗമം: തോട്ടറ:** റവ. ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫാ. മാത്യു പോളയ്ക്കൻ (മേഖലാ ഡയറക്ടർ) ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് (KSSS സെക്രട്ടറി), നവോമികളുടെ ദർശനവും കാഴ്ചപ്പാടും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു. ഷെൻസിമാണി മാനസികാരോഗ്യത്തെക്കുറിച്ചും കോർഡിനേറ്റർ ശ്രീമതി ജാൻസി ജോയി നവോമികളുടെ പ്രശ്നങ്ങളെക്കുറിച്ചും ക്ലാസ്സ് നയിച്ചു. ശ്രീമതി ലിസി രാജു സ്വാഗതം പറഞ്ഞു. കുമാരി സ്മിത പരിപാടികൾക്ക് നേതൃത്വവും നൽകി.

**ലീഡേഴ്സ് മീറ്റിംഗ്: കരിപ്പാടം:** ഫാ. ജോയി കാളവേലിയുടെ അദ്ധ്യക്ഷതയിൽ ലീഡേഴ്സ് മീറ്റിംഗ് കൂടി. റീനാ ജോസഫ് സ്വാഗതം ആശംസിച്ചു. കുടുംബസംഗമം, വനിതാദിനം എന്നിവയെക്കുറിച്ച് ചർച്ച നടത്തി. **പിറവം:** പാരീഷ് ഹാളിൽ വച്ച് ലീഡേഴ്സ് മീറ്റിംഗ് കൂടി ഭാവി പരിപാടികൾ ചർച്ച ചെയ്തു. **കടുത്തുരുത്തി:** ജനുവരി 10ന് ഭാരവാഹികളുടെ യോഗം കൂടി കുപ്പി, കുപ്പിച്ചില്ല് ഇവയുടെ കച്ചവടം നടത്തുന്നതിന് തീരുമാനിച്ചു. വിപണി കണ്ടെത്തുകയും ചെയ്തു.

**വിപണനമേള:** കടുത്തുരുത്തിയിൽ 4 ദിവസം നീണ്ടുനിന്ന വിപണനമേളയിൽ ഉപാസന, അശ്വതി, അനശ്വര, വിശ്വദീപ്തി എന്നീ ഗ്രൂപ്പുകൾ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വില്പന നടത്തി. ഏറ്റവും നല്ല ഗ്രൂപ്പിനുള്ള സമ്മാനം അശ്വതി ഗ്രൂപ്പിന് ലഭിച്ചു. പൂഴിക്കോൽ ഗ്രൂപ്പ് അംഗങ്ങളും വിപണനമേളയിൽ പങ്കെടുക്കുകയും ഉല്പനങ്ങൾ വില്ക്കുകയും ചെയ്തു. **പൂഴിക്കോൽ:** എല്ലാ സംഘങ്ങളിലും പുതുവർഷം ആഘോഷിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. KSSS ഗ്രൂപ്പ് അംഗങ്ങൾ പൂഴിക്കോൽ ലൈബ്രറിയുടെ വാർഷികാഘോഷത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുകയും ട്രോഫി കരസ്ഥമാക്കുകയും ചെയ്തു. പൂഴിക്കോൽ മഡോണ അംഗങ്ങൾ കേക്ക്മേള നടത്തി. ആശാ ഗ്രൂപ്പ് അംഗങ്ങൾ നിത്യോപയോഗ സാധനങ്ങൾ എടുത്തു വില്ക്കുന്നു.



**കെ.എസ്.എസ്.എസ്. സ്റ്റാൾ: പൂഴിക്കോൽ:** തിരുനാളിനോടനുബന്ധിച്ച് KSSS അംഗങ്ങൾ സ്റ്റാൾ നടത്തി.

**സഹകരണ മനോഭാവം:** ഞീഴൂർ കരുണഗ്രൂപ്പ് അംഗങ്ങൾ ഒരംഗത്തിന്റെ വീടുപണിക്കായി കട്ട ചുമന്നുകൊടുത്തു മാതൃക കാണിച്ചു.

**സ്വയം തൊഴിൽ:** മാങ്ങിടപ്പള്ളി ദീപം ഗ്രൂപ്പംഗങ്ങൾ മുളന്തുരുത്തി ബ്ലോക്കിൽ മൊബൈൽ ഫോൺ നന്നാക്കുവാൻ പഠിക്കുന്നു.

**പഠനയാത്ര:** സിസ്റ്റർ സ്റ്റീഫന്റെയും അനിമേറ്റർ, ഗ്രാമതല പ്രസിഡന്റ്, രാജമ്മ വാസുദേവന്റെയും നേതൃത്വത്തിൽ സ്മാർട്ട് ഗ്രൂപ്പിലെ കുട്ടികളും ചെറുപുഷ്പ ഗ്രൂപ്പിലെ അംഗങ്ങളും HPC സന്ദർശിച്ചു.

## കിടങ്ങൂർ മേഖല

**ഗ്രാമതല സെമിനാർ: ചേർപ്പുങ്കൽ:** സ്വാശ്രയ സംഘാംഗങ്ങൾക്കായി ഗ്രാമതല സെമിനാർ നടത്തി. ഫാ. ബിജു മാളിയേക്കൽ 'കുട്ടികളും മാതാപിതാക്കളും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. **ചെറുകര:** സ്വാശ്രയസംഘാംഗങ്ങൾക്കായി ഗ്രാമതല സെമിനാർ നടത്തി. ഫാ. ഷാജി മുകളേൽ കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

**ലീഡേഴ്സ് മീറ്റിംഗ്:** ചേർപ്പുങ്കൽ, ചെറുകര, മറ്റക്കര, പുന്നത്തറ, നീറിക്കാട് എന്നീ സ്ഥലങ്ങളിൽ ലീഡേഴ്സ് മീറ്റിംഗ് കൂടുകയും കാർഷിക മേളയുടെ വിലയിരുത്തൽ, കുടുംബസംഗമം, ക്രെഡിറ്റ് കോപ്പറേറ്റീവ്, ഗ്രാമോത്സവം, കലണ്ടർ, ഗ്രാമത്തിന്റെ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തുകയും ചെയ്തു.

**നീർക്കുഴിയുടെ വിലയിരുത്തൽ:** സമഗ്രഭൂവിഭവ സംരക്ഷണപദ്ധതിയുടെ ഭാഗമായി നിർമ്മിച്ച നീർക്കുഴികളെക്കുറിച്ചുള്ള അവലോകനവും സബ്സിഡി വിതരണവും പുന്നത്തുറ, ഏറ്റുമാനൂർ, കട്ടച്ചിറ, കൂടല്ലൂർ, മാറിടം, ചെറുകര, കിടങ്ങൂർ എന്നിവിടങ്ങളിൽ നടത്തി. ശ്രീ. സിറിയക്ക് ജോസഫ്, ശ്രീ. ബിനോയി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ശ്രമദാനം നടത്തി: ചെറുകര:** പ്രതിഭ ഗ്രൂപ്പ് അംഗമായ മേരി തോമസിന്റെ വീടുപണിക്ക് ഗ്രൂപ്പ് അംഗങ്ങൾ കട്ട ചുമന്നുകൊടുത്തു. **ചേർപ്പുങ്കൽ:** സിസ്റ്റർ റാഫേലിന്റെ അദ്ധ്യക്ഷതയിൽ സ്മാർട്ട് കുട്ടികൾ ക്രിസ്തുമസ്സ് ആഘോഷിച്ച് കലാ-കായികമത്സരങ്ങൾ നടത്തി. **മാറിടം:** ക്രിസ്തുമസ്സിന് മഡോണ ഗ്രൂപ്പിലെ അംഗമായ ഷില്ലു, മായ എന്നിവർ കേക്ക് വിൽപ്പന നടത്തി. **ഏറ്റുമാനൂർ:** കെ.സി. വൈ.എൽ ന്റെ രൂപതാ വാർഷികത്തോടനുബന്ധിച്ച് സെന്റ് മരിയ ഗ്രൂപ്പ് അംഗങ്ങൾ സ്റ്റാളും, സെന്റ് ജോസഫ് ഗ്രൂപ്പ് അംഗങ്ങൾ ഉച്ചഭക്ഷണവും വിതരണം ചെയ്തു.

**മഡോണ സംഗമം:** കട്ടച്ചിറ മേഖലാതല മഡോണ സംഗമം നടത്തി. കുമാരി സ്മിത, സി. മിനി, സി. ജെയ്സി എന്നിവർ കുട്ടികളുടെ യുവത്വത്തെക്കുറിച്ചും വളർന്ന് വരുന്നകുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ചും ക്ലാസ്സെ

ടുത്തു. കലാപരിപാടികൾ നടത്തുകയും കളിമൺ ഫാക്ടറി സന്ദർശിക്കുകയും ചെയ്തു.

**പി. ആർ. എ: നീറിക്കാട്:** പങ്കാളിത്താധിഷ്ഠിതമായ പഠനത്തെക്കുറിച്ച് ശ്രീ. ബിനോയി, ശ്രീ. ലിൻസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഫാ. ജോസ് ചാഴികാട്ട് അദ്ധ്യക്ഷത വഹിച്ചു.

**വരുമാന പദ്ധതികൾ: ചേർപ്പുങ്കൽ:** നവജ്യോതി ഗ്രൂപ്പിലെ സന്ധ്യ സുരേഷ് ദോശമാവ് ഉണ്ടാക്കി വിൽപ്പന നടത്തുന്നു.

**തിരുന്നാളിന് കട നടത്തി:** കിടങ്ങൂർ, പുന്നത്തുറ, കൂടല്ലൂർ, മാറിടം എന്നീ സ്ഥലങ്ങളിൽ തിരുന്നാളിനോടനുബന്ധിച്ച് ഐസ്ക്രീം, നാരങ്ങാവെള്ളം എന്നിവയുടെ സ്റ്റാൾ ഇടുകയും വിൽപ്പന നടത്തുകയും ചെയ്തു.

## ഉഴവൂർ മേഖല

**പുതുവർഷാഘോഷം:** മോനിപ്പിള്ളി, ഉഴവൂർ, അമനകര എന്നീ സ്ഥലങ്ങളിൽ ഗ്രൂപ്പ് അംഗങ്ങൾ പുതുവർഷം കേക്ക് മുറിച്ച് ആഘോഷിച്ചു.

**ഹാജർസമ്മാനം:** കാരുണ്യ ഗ്രൂപ്പിലെ രാജമ്മ സോമന് ഹാജർ സമ്മാനം കിട്ടി. അൽഫോൻസാ ഗ്രൂപ്പിലെ ആൻസി ജോണിക്കും മേരി ഫിലിപ്പിനും ഹാജർ സമ്മാനം നൽകി.

**ഗ്രാമതല സെമിനാർ: വെളിയന്നൂർ:** സെന്റ് മേരീസ് പള്ളിഹാളിൽ വച്ച് ഫാ. ജേക്കബ് കുറുപ്പിനകത്ത് കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. ഗ്രാമതല സെക്രട്ടറി സ്വാഗതവും ഫാ. ബ്രസ്സനച്ചൻ കൃതജ്ഞതയും രേഖപ്പെടുത്തി.

**പുതിയ ഗ്രൂപ്പ്:** പുതുവേലിയിൽ സ്മാർട്ട് കോർഡിനേറ്റർ ജോമോൻ വട്ടമറ്റത്തിലിന്റെ അദ്ധ്യക്ഷതയിൽ സ്മാർട്ട് ഗ്രൂപ്പ് രൂപീകരിച്ചു. ബ്ലോക്ക് മെമ്പർ ജോയി ചിറയത്ത് ഉദ്ഘാടനകർമ്മം നിർവഹിച്ചു. ലോക്കൽ കമ്മിറ്റി അംഗമായ ജേയിഫ് പെരുന്നലത്തിൽ, മേരി ഫിലിപ്പ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജോസ് തോമസ് നന്ദി പറഞ്ഞു.

## ഹൈറേഞ്ച് മേഖല

**ഗ്രാമതലസെമിനാർ:** തെള്ളിത്തോട്ടിലെ കെ.എസ്.എസ്.എസ്. ഗ്രൂപ്പംഗങ്ങൾക്കുവേണ്ടി ഗ്രാമതലസെമിനാർ നടത്തി. 'സ്ത്രീജനത്തിന്റെ മാഹാത്മ്യം' എന്ന വിഷയത്തെ സംബന്ധിച്ച് സി. ബെസ്സി ക്ലാസ്സുകൾ നയിച്ചു.

**വരുമാനപദ്ധതി:** പടമുഖത്തെ ദീപം ഗ്രൂപ്പംഗങ്ങൾ ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വിൽപ്പന നടത്തുന്നു. **തെള്ളിത്തോട്:** തെരേസാ ഗ്രൂപ്പംഗങ്ങൾ ചേമ്പ് കൃഷി നടത്തി.

**ശ്രമദാനം:** പടമുഖത്തെ ഭാവനാ ഗ്രൂപ്പിലെ വൽസാ രവിക്ക് പുര പണിയുന്നതിനായി ഗ്രൂപ്പംഗങ്ങൾ ഒരു ദിവസത്തെ ശ്രമദാനം നടത്തി. **തടിയമ്പാട്:** കർഷക സംഘവും എല്ലാവനിതാ ഗ്രൂപ്പംഗങ്ങളും ചേർന്ന് മേഖലാ ഓഫീസിന്റെ പരിസരം വൃത്തിയാക്കി.



**പഠനയാത്ര:** പടമുഖത്തെ നവജീവൻ, സംഗമം എന്നീ ഗ്രൂപ്പംഗങ്ങൾ വാത്തിക്കുടി ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി തടിയമ്പാട് വിമലഗിരിയ്ക്ക് പഠനയാത്ര നടത്തി.

**സന്ദർശനം നടത്തി:** പൂതാളിയിലെ ദീപ്തി ഗ്രൂപ്പംഗങ്ങൾ രാജാക്കാട് കരുണാഭവൻ അനാഥമന്ദിരം സന്ദർശിക്കുകയും സംഭാവനകൾ നൽകുകയും ചെയ്തു.

**ബോധവത്ക്കരണ സെമിനാർ:** നാരകക്കാനത്തെ ജനനി, ജ്യോതി എന്നീ ഗ്രൂപ്പംഗങ്ങൾ മരിയാ ഹെൽത്ത് സെന്ററിൽ നടത്തിയ ആരോഗ്യബോധവൽക്കരണ സെമിനാറിൽ പങ്കെടുത്തു.

**സമ്മാനങ്ങൾ നേടി:** കേരളോത്സവപരിപാടിയിൽ തെള്ളിത്തോട്ടിലെ അൽഫോൻസാ ഗ്രൂപ്പിന് തിരുവാതിരയ്ക്ക് പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ ഒന്നാം സ്ഥാനവും ജില്ലാതലത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചു.

**പുതിയ ഗ്രൂപ്പ്:** തടിയമ്പാട്ട് അൽഫോൻസാ, ആൻമരിയ, തെരേസാ എന്നീ പേരുകളിലും, പടമുഖത്ത് ആശ എന്ന പേരിലും പുതിയ വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ചു.

## മലങ്കര മേഖല

**സൗഹൃദ സന്ദർശനം:** വാകത്താനം സ്നേഹദീപം വെളിയനാട് രമ്യ, കല്ലിശ്ശേരി സ്നേഹദീപം എന്നീ ഗ്രൂപ്പുകൾ സൗഹൃദ സന്ദർശനം നടത്തുകയും രോഗിശുശ്രൂഷ ചെയ്യുകയും ചെയ്തു.

**പുതിയഗ്രൂപ്പ് രൂപീകരണം:** കുറ്റൂർ: കൃപ എന്ന പേരിലും റാന്നിയിൽ സേവനി എന്ന പേരിലും വനിതാഗ്രൂപ്പ് രൂപീകരിക്കുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**വരുമാനപദ്ധതി:** പാച്ചിറ സൗഭാഗ്യ ഗ്രൂപ്പിലെ സൂസമ്മ ജോർജ് പലഹാരം ഉണ്ടാക്കി വിൽപന നടത്തുന്നു. ആൻമരിയ ഗ്രൂപ്പംഗങ്ങളായ ഡെയ്സി സ്റ്റീഫൻ, മിനി രാരിച്ചൻ എന്നിവർ തിരുനാളിനോടനുബന്ധിച്ചു സ്റ്റാൾ ഇടുകയും സ്വാശ്രയസംഘ ഉല്പന്നങ്ങൾ വില്പന നടത്തുകയും ചെയ്തു. **കുന്നങ്കരി:** കൃപ, ഐശ്വര്യ, ദീപം, സ്നേഹ എന്നീ ഗ്രൂപ്പുകൾ കുട്ടനാട് വികസന സമിതിയിൽ നിന്ന് റാട്ടും ചകിരിയും സംഘടിപ്പിച്ച് കയർപിരി ആരംഭിച്ചു.

**സീനിയർ സിറ്റിസൺ തീർത്ഥാടനയാത്ര:** ഫാ. സ്റ്റീഫൻ കുഴിപ്ലാക്കൽ, ഫാ. തോമസ് മുളവനാൽ എന്നിവരുടെ നേതൃത്വത്തിൽ പാച്ചിറ, വെളിയനാട്, വാകത്താനം എന്നീ സ്ഥലങ്ങളിലെ സീനിയർ ഗ്രൂപ്പ് അംഗങ്ങൾ ആലപ്പുഴ, എറണാകുളം, കൊച്ചി, വല്ലാർപാടം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു.

**ഗ്രാമതല സെമിനാർ:** ചിങ്ങവനം: സ്വാശ്രയസംഘാംഗങ്ങൾക്കായി 'സ്ത്രീ-ശാക്തീകരണം' എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ഷാജി പൂത്തറയിൽ ക്ലാസ്സെടുത്തു.

## കൈപ്പുഴമേഖല

**സ്വാശ്രയസ്റ്റാൾ:** ചാമക്കാല, മാന്നാനം എന്നിവിടങ്ങളിലെ സ്വാശ്രയ സംഘാംഗങ്ങൾ തിരുനാളുകളോടനുബന്ധിച്ച് സ്വാശ്രയ സ്റ്റാളുകൾ നടത്തി.

**ഗ്രാമതല സെമിനാർ:**പഴയകല്ലറ: സ്വാശ്രയ സംഘാംഗങ്ങൾക്കായി നടത്തിയ സെമിനാറിൽ ഫാ. ജോസ് തറപ്പുതൊട്ടി 'സ്ത്രീയും കുടുംബവും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു.

**ലീഡേഴ്സ് മീറ്റിംഗ്: പഴയകല്ലറ:** ഗ്രൂപ്പ് ഭാരവാഹികളുടെ മീറ്റിംഗ് കോർഡിനേറ്റർ മേരിക്കുട്ടി ജോയിയുടെ നേതൃത്വത്തിൽ കൂടി. പ്രസ്തുത യോഗത്തിൽ സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയരുത്തി. ഗ്രാമോത്സവ്, യൂണിഫോം, സെമിനാറുകൾ എന്നിവ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ഗ്രാമതല മീറ്റിംഗ്:** മാന്നാനം, നീണ്ടൂർ, മകുടാലയം എന്നീ ഗ്രാമങ്ങളിൽ ഗ്രാമതല ഭാരവാഹികളുടെ മീറ്റിംഗ് കൂടുകയും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**വരുമാന പദ്ധതികൾ: മാന്നാനം:** സ്നേഹഗ്രൂപ്പ് വിപണനകേന്ദ്രത്തിൽ നിന്ന് സാധനങ്ങൾ എടുത്ത് വില്പന ആരംഭിച്ചു. **മേമ്മുറി:** സെന്റ് മേരീസ് ഗ്രൂപ്പംഗമായ ബീന മാത്യു സർഫ് ഉണ്ടാക്കി വില്പന ആരംഭിച്ചു. കരുണ ഗ്രൂപ്പംഗമായ ലക്ഷ്മി മോഹൻ പലചരക്ക് കച്ചവടം ആരംഭിച്ചു. **പാലത്തുരുത്ത്:** അൽഫോൻസാ ഗ്രൂപ്പംഗമായ പൊന്നമ്മ വിജയപ്പൻ സോപ്പ്, ലോഷൻ ഇവ ഉണ്ടാക്കി വില്പന ആരംഭിച്ചു.

**ഗ്രാമവികസന സമിതി:**പാലത്തുരുത്ത്: ഫാ. ബിജു തറയിലിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമവികസന സമിതിയുടെയും ഗ്രാമതല ഭാരവാഹികളുടെ സംയുക്തയോഗം കൂടുകയും ഗ്രാമോത്സവ്, പിക്നിക്, യൂണിഫോം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും തീരമാനങ്ങൾ എടുക്കുകയും ചെയ്തു.

**നിര്യാതയായി:**നീണ്ടൂർ: ശ്രീലക്ഷ്മി ഗ്രൂപ്പ് അംഗവും ഗ്രൂപ്പിന്റെ സെക്രട്ടറിയുമായിരുന്ന ജെസി തോമസ് (37) നിര്യാതയായി.

## ചുങ്കം മേഖല

**ഗ്രാമതല സെമിനാർ: മാറിക:** ഫാ. അബ്രാഹാം പാറടിയുടെ അദ്ധ്യക്ഷതയിൽ ഫാ. ഷാജി പൂത്തറ കുടുംബജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു.

**നീർക്കുഴി വിലയിരുത്തലും, ഹരിതവേദി രൂപീകരണവും:** കരിങ്കുന്നം, ചുങ്കം, മുട്ടം, മ്രാല, മാറിക, വാരപ്പെട്ടി പറമ്പഞ്ചേരി, വടക്കുംമുറി എന്നീ സ്ഥലങ്ങളിൽ നീർക്കുഴി വിലയിരുത്തുകയും ഹരിതവേദിയെക്കുറിച്ച് അവബോധ ക്ലാസ്സുകൾ നൽകുകയും ചെയ്തു.

**ഭാരവാഹി മീറ്റിംഗ്:** ചുങ്കം മേഖലയിൽ ഗ്രാമതല ഭാരവാഹികളുടെ മീറ്റിങ്ങ് കോർഡിനേറ്ററുടെ നേതൃത്വത്തിൽ കൂടുകയും ഗ്രാമോത്സവവും ഭാവി പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ തീരുമാനിച്ചു.



**പുതിയ ഗ്രൂപ്പുകൾ:** കരിങ്കുന്നത്ത് ധന്യാഗ്രൂപ്പും വടക്കുംമുറിയിൽ പ്രിയദർശിനി ഗ്രൂപ്പും ആരംഭിച്ചു.

**ശുചീകരണം:** വടക്കുംമുറി പള്ളി തിരുനാളിനോടനുബന്ധിച്ച് ഗ്രൂപ്പംഗങ്ങൾ പള്ളിയും പരിസരവും വൃത്തിയാക്കി.

**വിദ്യാഭ്യാസ സഹായം നൽകി:** വാരപ്പെട്ടി ഗ്രാമവികസന സമിതിയുമായി സഹകരിച്ച് വിൻസന്റ് ഡിപോൾ ഒരു ഗ്രൂപ്പ് അംഗത്തിന് 2000 രൂപ വിദ്യാഭ്യാസ സഹായം നൽകി.

## സവിശേഷ ദിനങ്ങൾ

**ഫെബ്രുവരി 10. വിശ്വവിവാഹ ദിനം:** temIsa§pap¯ hnhml nXÀX§fpsS ]mh\amb D¨chmZnXz§ ̃ hnizkXXtbmsS \ndthäp¶pt›m F¶p hnebncp¯n, sa¤s,« Xocpam\§ ̃ FSpt¡›Xn\mbn Cu Zn\w \ntbmKn¡s,«ncn¡p¶p.

**ഫെബ്രുവരി 11. രോഗികളുടെ ദിനം:** temIsa§pap¯ tcmKnI ̃X§fpsS tcmK§sf kaNn¨X tbmsS kzmKXw sN¿p¶pt›m F¶ B ß]T\w \S¯phm\pw, tcmKnItfmSp¯ D¨cnhmZnXz§ ̃ Kh‹saâpIfpw kaql hpw \ndthäp¶pt›m F¶p ]Tn¡phm\pw \nbp àamWv Cu Zn\w.

**മാർച്ച് 8. അന്താരാഷ്ട്ര വനിതാദിനം:** temIsa§pap¯ h\nXI ̃X§fpsS kzImcyPohnX¯nepw kaql PohnX¯nepw amXrImtbmKy ambn hym]cn¡p¶pt›m F¶p kzbw hnNn·\w sN¿phm\pw, h\nXIfpsS AhImi kwc£W¯n\pw kzmX{·y¯n\pambn kaqlhpw Kh‹saâpIfpw th›{X PmK{KXtbmsS hÀ¯n¡p¶pt›m F¶p hnebncp¯p hm\pamWv Cu Zn\mNcWw sIm›pt–in¡p¶X.

### സർഫ് ഉണ്ടാക്കുന്ന വിധം

| | | |
|---|---|---|
| സോഡാ ആഷ് | – | 500 gm. |
| സ്റ്റോൺ പൗഡർ | – | 500 gm. |
| സോഡിയം സൾഫേറ്റ് | – | 500 gm. |
| സോൾട്ട് | – | 500 gm. |
| സ്ളറി | – | 250 gm. |
| കളർ | – | 2 gm. |
| പെർഫ്യൂം | – | 10 ml |

സോഡാ ആഷിൽ സ്ളറി ഒഴിച്ച് ഇളക്കി 5 മിനിറ്റ് വയ്ക്കുക. അതിനുശേഷം സോൾട്ട്, സോഡിയം സൾഫേറ്റ്, സ്റ്റോൺ പൗഡർ എന്നിവകൂടി സോഡാ ആഷിൽ ചേർത്ത് ഇളക്കണം. തുടർന്ന് കളർ ഇട്ട് ഇളക്കണം. നല്ല നീല കളർ വരുന്നതുവരെ തിരുമ്മണം. അതുകഴിഞ്ഞ് പെർഫ്യൂം ഒഴിച്ച് ഇളക്കി ഉപയോഗിക്കാം. *നിർദ്ദിഷ്ട അളവിൽ കൂടുതൽ ഉപയോഗിക്കുന്നത്, പ്രത്യേകിച്ച് സ്ളറി, വസ്ത്രങ്ങൾക്ക് നല്ലതല്ല.*

**Published by KSSS at Chaithanya**

**For Private Circulation among its partners in development.**